ഉത്തരം

(എ - സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൂമി നല്കുന്ന പ്രദേശങ്ങളിൽ തിയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി.യുടെ പരിഗണനയിലുണ്ട്. എന്നാൽ മൂന്നാറിൽ തിയേറ്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതി ഇപ്പോൾ പരിഗണനയിൽ ഇല്ല.

സിനിമാരംഗം പരിഷ്കരിക്കുന്നതിന് ഉന്നതതല സമിതി

314 (316) ശ്രീ. വർക്കല കഹാർ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിനിമാരംഗം പരിഷ്കരിക്കുന്നതിന് ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത സമിതിയുടെ പരിഗണനയിലുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) അവാർഡ് നിർണ്ണയം, ചലച്ചിത്രമേള ഉൾപ്പെടെയുള്ളവയുടെ പരിഷ്കരണം എന്നിവ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പരിഗണനയ്ക്കായി ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. ഫിലിം സബ്സിഡി ഘടനയും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനും അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന്റെ നടത്തിപ്പ്, ഫിലിം അവാർഡ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, ജെ.സി. ഡാനിയേൽ അവാർഡ് ഘടന വർദ്ധിപ്പിക്കൽ, സിനിമാറ്റോഗ്രാഫി നിയമ പരിഷ്കരണം എന്നിവ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാൻ ആയും ശ്രീ. ഷാജി എൻ. കരുൺ, ശ്രീ. പന്തളം സുധാകരൻ, ശ്രീ. ജി. സുരേഷ് കുമാർ എന്നിവർ അംഗങ്ങളായും ശ്രീമതി റാണി ജോർജ്ജ് മെമ്പർ സെക്രട്ടറിയായും ഒരു ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അധികാരിക്ക് അന്വേഷണത്തിനായി അയച്ചിരിക്കയാണ്. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

ലോ ഫ്ളോർ ബസ് സർവ്വീസ്

316 (318) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ യാത്രാക്ലേശം പരിഹരിക്കാൻ ഏർപ്പെടുത്തിയ ലോ ഫ്ലോർ ബസ് കോഴിക്കോട് ജില്ലയിലും നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ ;

(ബി) ജില്ലയിൽ ലോ ഫ്ലോർ ബസ് ആരംഭിക്കുമ്പോൾ എലത്തൂരിൽനിന്ന് കോഴിക്കോട് എയർപോർട്ടിലേയ്ക്കും സർവ്വകലാശാലയിലേയ്ക്കും ബാലുശ്ശേരി-കോഴിക്കോട് റൂട്ടിലേയ്ക്കും സർവ്വീസ് നടത്താനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ജൻറം ഒന്നാംഘട്ട പദ്ധതി പ്രകാരം ലഭിച്ച ലോ ഫ്ളോർ ബസ്സുകൾ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ സർവ്വീസ് നടത്തുന്നതിനായാണ് ലഭ്യമാക്കിയിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം പ്രസ്തുത ബസുകൾ തിരുവനന്തപുരം, എറണാകുളം ജില്ലകൾക്കുള്ളിൽ സർവ്വീസ് നടത്താൻ മാത്രമാണ് നിർദ്ദേശിച്ചിരിക്കുന്നത്. പ്രസ്തുത ലോ ഫ്ളോർ ബസ്സുകൾ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ബി) ജൻറം രണ്ടാം ഘട്ടപദ്ധതി പ്രകാരം 400 ബസ്സുകൾ ലഭ്യമാക്കുമ്പോൾ കോഴിക്കോട് ജില്ലക്കും ബസ്സുകൾ അനുവദിക്കുന്നുണ്ട്. ഈ ബസ്സുകൾ ലഭ്യമാക്കുമ്പോൾ എലത്തൂരിൽനിന്ന് കോഴിക്കോട് എയർപോർട്ടിലേക്കും സർവ്വകലാശാലയിലേക്കും ബാലുശ്ശേരി-കോഴിക്കോട് റൂട്ടിലേക്കും സർവ്വീസ് നടത്തുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്.

കെ.എസ്.ആർ.ടി.സി.യിലെ പാസഞ്ചർ ഇതര വാഹനങ്ങൾ

317 (319) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ എത്ര പാസഞ്ചർ ഇതര വാഹനങ്ങളുണ്ട് ; അവ എവിടെയൊക്കെ ;

LIBRARY ARCHIVES Kerala Legislative Assembly